OFFICE OF THE DIRECTOR OF PANCHAYATS
Date
THIRUVANANTHAPURAM

# കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

നം. 31571/ഐ.ബി. 1/09/തസ്വഭവ.

തിരുവനന്തപുരം,
തീയതി 6.8.2009

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ -ജനന മരണ രജിസ്ട്രേഷൻ - രജിസ്റ്ററുകൾ കാലപ്പഴക്കം മൂലം നശിച്ചത്- അനന്തര നടപടി സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- പഞ്ചായത്ത് ഡയറക്ടറുടെ 28.5.2009 ലെ ബി1 -2923/09 നമ്പർ കത്ത്.

ജനന മരണ രജിസ്റ്ററുകൾ കാലപ്പഴക്കം കൊണ്ടും അല്ലാതെയും നശിച്ചുപോവുകയും അതു നിമിത്തം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ സംബന്ധിച്ച് സ്ഥാപനത്തിലോ വ്യക്തിയുടെ പക്കലോ തെളിവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുനഃസൃഷ്ടിക്കാവുന്നതാണെന്നും തെളിവുകളൊന്നും ലഭ്യമല്ലാത്ത കേസുകളിൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്നു കാണിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാമെന്നും രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കേസുകളിൽ ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനം വീണ്ടും രജിസ്റ്റർ ചെയ്യാനാവില്ലെന്ന കാരണത്താൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ രജിസ്ട്രേഷന് അനുവാദം നൽകുന്നില്ലെന്നും ഇതുമൂലം പൊതുജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും സൂചനയിലെ കത്തിൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ഏതെങ്കിലും വർഷത്തെ ജനന/മരണ രജിസ്റ്റർ നശിച്ചുപോവുകയോ നഷ്ടപ്പെട്ടുപോകുകയോ ചെയ്യുന്ന സന്ദർഭത്തിൽ പ്രസ്തുത ജനനം/മരണം ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാരപരിധിക്കുള്ളിൽ നടന്നതാണെന്ന് ബോദ്ധ്യപ്പെട്ടശേഷം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും പ്രസ്തുത നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷനുള്ള അപേക്ഷ 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് 13-ാം വകുപ്പ് (3) -ാം ഉപ വകുപ്പ് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർ പരിഗണിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊള്ളുന്നു.

ഈ മാർഗ്ഗനിർദ്ദേശം ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്;

1. പ്രസ്തുത ജനനം/മരണം രജിസ്റ്റർ ചെയ്യപ്പെടാൻ സാദ്ധ്യതയുള്ള മറ്റു സ്ഥലങ്ങളിൽ (മാതാവിന്റെ/പിതാവിന്റെ കുടുംബം സ്ഥിതിചെയ്യുന്ന സ്ഥലം, സമീപ പ്രദേശത്തെ പ്രധാന ആശുപത്രികൾ സ്ഥിതിചെയ്യുന്ന സ്ഥലം മുതലായവ) ആയത് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് രേഖാമൂലം ആരായേണ്ടതാണ്.

2. എല്ലാ നഗരസഭകളിലും പഞ്ചായത്തുകളിലും നിലവിലുള്ള മുഴുവൻ രജിസ്റ്ററുകളുടെയും വിവരം കാണിക്കുന്ന ഒരു സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും അതിന്റെ ഒരു ഇലക്ട്രോണിക്ക് കോപ്പി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

3. ജനനം/മരണം നടന്ന തീയതിക്കു 3 വർഷം മുമ്പ് മുതൽ നാളിതുവരെയുള്ള രജിസ്റ്ററുകളിൽ ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് രജിസ്ട്രാർ ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. ബന്ധപ്പെട്ട വർഷത്തെ ജനന/മരണ രജിസ്റ്റർ നശിച്ചുപോവുകയോ തിരികെ ലഭിക്കാത്തവിധം നഷ്ടപ്പെട്ടുപോവുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ അപ്രകാരമുള്ള ഒരു സാക്ഷ്യപത്രം കൂടി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം രജിസ്ട്രാർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകേണ്ടതാണ്.

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗര കാര്യ ഡയറക്ടർ
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകളിലേയും ചെയർമാൻ/മേയർമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ